# ആമുഖം

പ്രവർത്തനപാതയിൽ 122 വർഷം പിന്നിട്ട പാലവിള ഗവ. യു.പി.എസ്, മറ്റുള്ള പൊതുവിദ്യാലയങ്ങൾക്ക് മാതൃകയായിക്കൊണ്ട്, ഈ വർഷവും 100–ൽ കൂടുതൽ പഠിതാക്കളെ ഒന്നാം ക്ലാസ്സിലേക്ക് പ്രവേശിപ്പിച്ചിരിക്കുന്നു. അദ്ധ്യാപക രക്ഷാകർത്തൃ കൂട്ടായ്മയും സുമനസ്സുകളായ നാട്ടുകാരുടെ സഹകരണവും ഈ വിദ്യാലയത്തിന്റെ വളർച്ചയ്ക്ക് പിന്നിലുണ്ട്. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ലക്ഷ്യമാക്കിക്കൊണ്ടാണ് ഈ വർഷത്തെ പ്രവർത്തന പദ്ധതി, **പ്രസരം** – 2025–26 തയ്യാറാക്കിയിട്ടുള്ളത്.

പദ്ധതി തയ്യാറാക്കുന്നതിന് അടിസ്ഥാനമായ ആശയങ്ങൾ

1) ആശയ വിനിമയത്തിൽ നിന്നും ആണ് ഭാഷ ഉയിർകൊണ്ടത്. അതുകൊണ്ട് ഭാഷാവികാസശേഷികളിൽ പ്രാധാന്യം നൽകേണ്ടത് ഭാഷണത്തിനാണ്.

2) കണ്ടറിഞ്ഞു പഠിക്കുന്നതിനും ജീവിത ഗന്ധിയായ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുമാണ് ശാസ്ത്ര പഠിതാക്കൾ ശ്രദ്ധിക്കേണ്ടത്.

3) കലാകായിക പ്രവർത്തനങ്ങൾ, മത്സരങ്ങൾക്ക് വേണ്ടി മാത്രമല്ല, മാനസിക, ശാരീരികാരോഗ്യത്തിന് കൂടി വേണ്ടിയുള്ളതാണ്.

# മലയാളം 2025-26

**ആമുഖം :** എല്ലാ കുട്ടികളേയും മലയാളം എഴുതാനും വായിക്കുവാനും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് മുൻവർഷത്തെ പ്രവർത്തന പദ്ധതി തയ്യാറാക്കിയിരുന്നത് 90% ലക്ഷ്യപൂർത്തീകരണത്തിന് കഴിഞ്ഞുവെങ്കിലും, നേടിയതിൽ നിന്നും പിന്നോക്കം പോയവരും പുതുതായി സ്കൂളിൽ വന്നുചേർന്നവരുടെ ഉൾപ്പെടെ ചെറിയൊരു ശതമാനം ഇപ്പോഴുമുണ്ട്. അവരെ ലക്ഷ്യത്തിലെത്തിക്കുന്നതോടൊപ്പം ഭാഷയുടെ എല്ലാ മേഖലകൾക്കും ഒരുപോലെ പ്രാധാന്യം നൽകിക്കൊണ്ടാണ് ഈ പ്രവർത്തനപദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നടത്തിപ്പ് ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| വായനയെ പ്രോത്സാഹിപ്പിക്കുന്നതിനും സർഗ്ഗാത്മക ശേഷി വികസിപ്പിക്കുന്നതിനും | ♦ എല്ലാകുട്ടികൾക്കും സ്കൂൾ ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ നൽകുന്നു.<br>♦ പുസ്തക വായനയിലേക്ക് ആകർഷിക്കുന്നതിനായി ഓരോ പുസ്തകത്തിനും ടാഗ് തയ്യാറാക്കുന്നു.<br>♦ പുസ്തകവും തയ്യാറാക്കിയ ടാഗും പ്രദർശിപ്പിക്കുന്നു. | ജൂൺ 2025<br>ജൂലൈ 2025<br>ജൂലൈ അവസാനവാരം | ലൈബ്രേറിയൻ<br>ക്ലാസ്ടീച്ചർ<br>ഭാഷാധ്യാപകർ<br>S.R.G.<br>S.M.C. | ---<br>PTA ഫണ്ട്<br>--- |
| മാതൃഭാഷയിൽ അനർഗളം നാദവികാസിനിയിലൂടെ സംസാരിക്കുന്നതിന് | ♦ 1, 2 ക്ലാസുകളിൽ കുട്ടികൾക്ക് നാദവികാസിനിയിലൂടെ വസ്തുക്കൾ, ചിത്രങ്ങൾ തുടങ്ങിയവയെക്കുറിച്ച് സംശയങ്ങൾ ചോദിക്കുന്നതിനും വ്യക്തിവിവരങ്ങൾ അന്വേഷിച്ചറിയുന്നതിനും രണ്ടാഴ്ചയിലൊരിക്കൽ (40 മിനിട്സ്) അവസരമൊരുക്കുന്നു. | ജൂലൈ 25<br>ഫെബ്രുവരി 20 | ക്ലാസധ്യാപകർ | --- |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നടത്തിപ്പ് ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| | ♦ 3,4 ക്ലാസ്സുകളിൽ മേൽ പറഞ്ഞവയോടൊപ്പം കണ്ട സിനിമ, വായിച്ച കഥ, വ്യക്തിഗതാനുഭവങ്ങൾ, വ്യക്തിവിവരാന്വേഷണം എന്നിവയ്ക്ക് അവസരം ഒരുക്കുന്നു. | ജൂലൈ -ഫെബ്രു. | ക്ലാസധ്യാപകർ | --- |
| കുട്ടികളുടെ കാവ്യാസ്വാദന ശേഷി വികസിപ്പിക്കുന്നതിന് | ♦ 1,2, 3,4 ക്ലാസ്സുകളിൽ മാസത്തിലൊരിക്കൽ കാവ്യോത്സവം സംഘടിപ്പിക്കുന്നു. (കവിത താളമിട്ട് ചൊല്ലൽ, സ്വന്തം കവിത ചൊല്ലൽ)<br>♦ 5, 6, 7 ക്ലാസ്സുകളിൽ കവിയരങ്ങ് സംഘടിപ്പിക്കുന്നു (മാസത്തിലൊരിക്കൽ) | ജൂലൈ - ഫെബ്രു. 26 | ഭാഷാധ്യാപകർ | --- |
| | ♦ ചൊല്ലിയ കവിതകൾ വീഡിയോ രൂപത്തിലും എഴുത്തുരൂപത്തിലും സമാഹരിച്ച് പ്രസിദ്ധീകരിക്കുന്നു. | ഫെബ്രുവരി 2026 | ഭാഷാധ്യാപകർ<br>വിദ്യാരംഗം സമിതി കൺവീനർ | സ്റ്റാഫ് |
| | ♦ 5, 6, 7 ക്ലാസ്സുകളിൽ മേൽപ്പറഞ്ഞവയ്ക്കൊപ്പം ചങ്ങല ഭാഷണം, മലയാളത്തിൽ മാത്രം ഭാഷണം, അഭിമുഖം, സംവാദം എന്നിവ സംഘടിപ്പിക്കുന്നു. (രണ്ടാഴ്ചയിലൊരിക്കൽ 40 മിനിട്ട്) | ജൂലൈ to ഫെബ്രു. | ഭാഷാധ്യാപകർ | --- |
| | ♦ മികച്ച സംവാദങ്ങൾ, അഭിമുഖങ്ങൾ എന്നിവയുടെ വീഡിയോ സമാഹരിച്ച് പ്രസിദ്ധീകരിക്കുന്നു. | ഫെബ്രുവരി / മാർച്ച് 2026 | വിദ്യാരംഗം സമിതി | ---- |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നടത്തിപ്പ് ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| പദസമ്പത്ത് വളർത്തുന്നതിനും മലയാള ഭാഷയുടെ ചരിത്രം അന്വേഷിച്ചറിയുന്നതിനും | ♦ 5, 6, 7 ക്ലാസ്സുകളിലെ കുട്ടികളും ഭാഷാധ്യാപകരും ചേർന്ന് മലയാളഭാഷ സ്വന്തമാക്കിയ അന്യഭാഷാപദങ്ങളും അവയുടെ ഉറവിടവും കണ്ടെത്തുന്നു, സമാഹരിക്കുന്നു. | ജൂലൈ 2025 ഫെബ്രുവരി 26 | ഭാഷാധ്യാപകർ | --- |
| | ♦ ശേഖരണം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നു. | മാർച്ച് 2025 | വിദ്യാരംഗം സമിതി | സ്റ്റാഫ് |

# ENGLISH 2025 - 26

**Introduction**: In the last year we tried to improve reading ability. This year give importance to speaking ability.

| AIM | ACTIVITY | PERIOD | EXECUTION | ECONOMIC SOURCE |
|---|---|---|---|---|
| To improve public speaking and fluency | ♦ For Std. 1, 2, 3 learners, description about picturers and objects, informal conversation, informal interviews through microphone (Once in two weeks) | 2025 July to 2026 March | Class Teachers | ---- |
| | ♦ Beyond the mentioned activities above, talks about cinema, players, actors for Std. IV students. | 2025 July to 2026 March | Class Teachers | |
| | ♦ Beyond the mentioned activities above, speaches, debates and shot dramas for std.V, VI, VII students. | 2025 July to 2025 March | English Teacher | |
| To empower vocabulary | ♦ Toddday's my word programme.<br>Assign a student each day in English class.<br>Tell a word and it's spelling and meaning.<br>Teacher write in chart in lower classes<br>Three letterd word for std. I<br>Four letterd word for Std. II<br>5 letterd - Std. 3<br>6 letterd - Std. 4<br>7 letterd - Std. 5<br>8 letterd - Std. 6<br>9 and above - Std. 7 | July 2025 to March 2026 | Class Teachers<br>English Teacher | Staff |
| | Collected words publish as a dictionary | March 2026 | English club | |

| AIM | ACTIVITY | PERIOD | EXECUTION | ECONOMIC SOURCE |
|---|---|---|---|---|
| To encourage informational writing and real world language use | ♦ Students (Std. 5, 6, 7) gather school news, combine the news into monthly news paper in each month | 2025 July to 2026 March | English club | Staff |

# ഹിന്ദി 2025-26

എല്ലാ ഭാഷാമേഖലകളും പരിഗണിക്കുന്നുണ്ടെങ്കിലും ഭാഷണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടാണ് ഹിന്ദി പ്രവർത്തനപദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നടത്തിപ്പ് ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| അനായാസമായി മൈക്രോഫോണിലൂടെ ഹിന്ദി സംസാരിക്കുന്നു. | ♦ വസ്തുക്കൾ, ചിത്രങ്ങൾ ഉപയോഗിച്ച് മൈക്രോഫോണിലൂടെ ഭാഷണം – ക്ലാസ് 5 | 2025 ജൂലൈ 2026 മാർച്ച് | ഹിന്ദി ടീച്ചർ | --- |
| | പരസ്പര സംഭാഷണം, കഥപറയൽ, അനുഭവ വിവരണം – ക്ലാസ് 6 | 2025 ജൂലൈ – 2026 മാർച്ച് | ഹിന്ദി ടീച്ചർ | --- |
| | പ്രസംഗം, കഥപറയൽ, ലഘുസംവാദം, ചങ്ങല ഭാഷണം – ക്ലാസ് – 7 | 2025 ജൂലൈ- 2026 മാർച്ച് | ഹിന്ദി ടീച്ചർ | --- |
| | മെച്ചപ്പെട്ട വീഡിയോ പ്രകാശനം | | | |
| കവിത, കഥ രചിക്കാൻ അവസരമൊരുക്കുന്നു | ♦ കവിത, കഥ ആദ്യഭാഗം ക്ലാസ്സിൽ നൽകുന്നു. (മാസത്തിലൊന്ന്) | 2025 ജൂലൈ 2026 ഫെബ്രുവരി | ഹിന്ദി ടീച്ചർ | --- |
| | നല്ല രചനകൾ സമാഹരിച്ച് പ്രസിദ്ധീകരിക്കുന്നു | 2025 ജൂലൈ – 2026 ഫെബ്രുവരി | ഹിന്ദി ക്ലബ്ബ് | സ്റ്റാഫ് |

# ശാസ്ത്രം 2025-26

ആമുഖം : ശാസ്ത്രാഭിരുചിയിൽ പ്രധാന പങ്ക് ശാസ്ത്രപരീക്ഷണങ്ങൾക്കുണ്ട് എന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് ശാസ്ത്ര പ്രവർത്തന പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നടത്തിപ്പ് ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനും എല്ലാ കുട്ടികൾക്കും പരമാവധി അവസരം നൽകുന്നു. | ♦ 1, 2, 3, 4 ക്ലാസ്സുകൾ മാസത്തിലൊരിക്കൽ സയൻസ് ലാബിലെത്തി പരീക്ഷണം ചെയ്യുന്നു. നിരീക്ഷിക്കുന്നു. ശാസ്ത്രപുസ്തകത്തിലെഴുതുന്നു. | 2025 ജൂലൈ മുതൽ 2026 മാർച്ച് വരെ | ക്ലാസ് അധ്യാപകൻ | --- |
| | | | | --- |
| | ♦ 5, 6, 7 ക്ലാസ്സിലെ കുട്ടികൾ, സ്വയം കണ്ടെത്തി വരുന്ന പരീക്ഷണം ലാബിൽ എത്തി ചെയ്യുന്നു. പരീക്ഷണക്കുറിപ്പ് ക്ലാസ്സ് പുസ്തകത്തിലെഴുതുന്നു. | 2025 ജൂലൈ - 2026 മാർച്ച് | ശാസ്ത്ര അധ്യാപകർ | --- |
| | ♦ ഓരോ ക്ലാസ്സിന്റെയും പരീക്ഷണ പതിപ്പ് തയ്യാറാക്കുന്നു. | 2026 മാർച്ച് | ശാസ്ത്രക്ലബ്ബ് | --- |
| ഔഷധ തോട്ടം നിർമ്മാണത്തിലൂടെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | ♦ നശിച്ച ഔഷധതോട്ടത്തിന് പകരം പരുതിയ ഔഷധതോട്ടം വച്ചുപിടിപ്പിക്കുന്നു. | ജൂലൈ , ഓഗസ്റ്റ് 2025 | എക്കോ ക്ലബ്ബ് | എസ്.എം.സി. |
| | ♦ തോട്ടത്തിലെ സസ്യങ്ങൾക്ക് നെയിം ബോർഡ് തയ്യാറാക്കുന്നു. | സെപ്റ്റംബർ 2025 | | സ്റ്റാഫ് |
| | ♦ ഔഷധ സസ്യങ്ങളുടെ പ്രത്യേകതകളും ഉപയോഗങ്ങളും കണ്ടെത്തി പതിപ്പാക്കുന്നു. | മാർച്ച് 2025 | ശാസ്ത്രക്ലബ്ബ് | |

# സാമൂഹ്യ ശാസ്ത്രം 2025-26

ആമുഖം : ഒരു ജനാധിപത്യരാജ്യത്തിന്റെ വികാസത്തിന്റെ അടിസ്ഥാനഘടകം, ജനാധിപത്യമൂല്യങ്ങളുള്ള പൗരന്മാരാണ് എന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് സാമൂഹ്യശാസ്ത്രം പ്രവർത്തനപരിധി തയ്യാറാക്കിയിരിക്കുന്നത്.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നടത്തിപ്പ് ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| ജനാധിപത്യബോധം വളർത്തുന്നതിനും തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഘട്ടങ്ങൾ കുട്ടികളെ ബോധ്യപ്പെടുത്തുന്നതിനും | ♦ ഘട്ടങ്ങൾ പാലിച്ചുകൊണ്ട് സ്കൂൾ പ്രതിനിധി സഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നു.<br>♦ സഭാംഗങ്ങളുടെ സത്യപ്രതിജ്ഞ, സ്പീക്കർ, മന്ത്രിസഭ നിശ്ചയിക്കൽ, മന്ത്രിമാരുടെ സത്യപ്രതിജ്ഞ എന്നിവ നടത്തുന്നു.<br>♦ മന്ത്രിസഭായോഗം, പാർലമെന്റ് യോഗം എന്നിവ നിശ്ചിത ഇടവേളകളിൽ നടത്തുന്നു. മന്ത്രിമാരുടെ പ്രവർത്തനം വിലയിരുത്തുന്നു.<br>♦ വീഡിയോ പ്രകാശനം | 2025 ജൂൺ<br>2025 ജൂലൈ<br>2025 ഓഗസ്റ്റ് 2026 മാർച്ച്<br>2026 മാർച്ച് | എസ്.എസ്. ക്ലബ്ബ് ക്ലാസ് ടീച്ചർ<br>എസ്.എസ്. ക്ലബ്ബ്<br>എസ്.എസ്. ക്ലബ്ബ്<br>എസ്.ആർ.ജി. | ---<br>---<br>---<br>--- |
| സ്വന്തം നാട്ടിലെ സ്ഥലനാമങ്ങളുടെ ചരിത്രം അന്വേഷിച്ചറിയുന്നതിലൂടെ ചരിത്ര ഗവേഷണ താല്പര്യം വളർത്തുന്നതിന് | ♦ കുട്ടികൾ അവരുടെ പരിസരത്തുള്ള ജംഗ്ഷനുകളുടെ പേരുകളെന്തെന്നും എന്തുകൊണ്ട് ആ പേര് വന്നെന്നും അന്വേഷിച്ചറിയുന്നു. (3, 4, 5, 6, 7 ക്ലാസ്സുകൾ)<br>♦ അന്വേഷണ വിവരങ്ങൾ ഉൾപ്പെടുത്തി, പതിപ്പ് പ്രകാശനം | 2025 ഓഗസ്റ്റ് 2025 ഒക്ടോബർ<br>2025 നവംബർ 1 | എസ്.എസ്. ക്ലബ്ബ് എസ്.ആർ.ജി. | എസ്.എം.സി. |

# ഗണിതം 2025–26

ആമുഖം : കുട്ടികളിൽ ബൗദ്ധിക പുരോഗതി വളർത്തുന്നതിനോടൊപ്പം, ഗണിതപഠനത്തെ പരിസ്ഥിതിയുമായി ബന്ധിപ്പിക്കുന്നതിന് ഊന്നൽ നൽകിയിരിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നടത്തിപ്പ് ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| കുസൃതിക്കണക്കുകൾ ചെയ്യുന്നതിന് അവസരമൊരുക്കുന്നതിലൂടെ ഗണിത പഠനത്തോട് ആഭിമുഖ്യം വളർത്തുന്നതിന് | ♦ 3 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികളെ കുസൃതിക്കണക്കുകൾ ശേഖരിക്കുന്നതിനും അവതരിപ്പിക്കുന്നതിനും ചുമതലപ്പെടുത്തുന്നു.<br>(ഒരു കുട്ടി – ഒരു ദിവസം യു.പി. ക്ലാസുകളിൽ)<br>(ഒരു ഗ്രൂപ്പ് ഒരു ദിവസം എൽ.പി. ക്ലാസുകളിൽ) | 2025 ജൂലൈ മുതൽ 2026 ഫെബ്രുവരി വരെ | ക്ലാസ് അധ്യാപകർ<br>ഗണിത അധ്യാപകർ | ---<br>--- |
| | ക്ലാസ്സ് തല സമാഹരണം എഡിറ്റിംഗ്<br>സ്കൂൾ തല പ്രസിദ്ധീകരണം) | 2026 മാർച്ച് | ഗണിത ക്ലബ്ബ് | എസ്.എം.സി. |
| പരിസ്ഥിതി സംബന്ധമായ വിവരശേഖരം നടത്തി, സ്ഥിതി വിവരകണക്ക് തയ്യാറാക്കുന്നതിന് | ♦ ഓരോ പ്രവൃത്തി ദിവസത്തേയും മഴയുടെ അളവ്, മഴ മാപിനി ഉപയോഗിച്ച് കണ്ടെത്തുന്നതിന്, ഓരോ ക്ലാസ്സിന് ഓരോ മാസത്തെ ചുമതല നൽകുന്നു. (ക്ലാസ് 7, 6, 5) | 2025 ഓഗസ്റ്റ് – 2025 ഡിസംബർ | ഗണിത ക്ലബ്ബ് | --- |
| | ♦ ഓരോ ക്ലാസ്സും ഗ്രൂപ്പുകളാക്കി ചുമതല വിഭജിക്കുന്നു. | | ഗണിത അധ്യാപകർ | |
| | ♦ അളവ് ഉപയോഗിച്ച് ആ ആഴ്ചയിലെ ബാർ ഡയഗ്രം തയ്യാറാക്കുന്നു. | 2025 ഡിസംബർ | | ----- |
| | ♦ ബാർ ഡയഗ്രങ്ങൾ സമാഹരിച്ച് പ്രസിദ്ധീകരിക്കുന്നു. | | ഗണിത ക്ലബ്ബ് | |

# അറബ്, സംസ്കൃതം 2025–26

ആമുഖം : അറബ് / സംസ്കൃതം പഠിക്കുന്ന കുട്ടികളുടെ ഭാഷണശേഷി വികസിപ്പിക്കുന്നതോടൊപ്പം മറ്റുള്ള കുട്ടികൾക്കും ഭാഷാജ്ഞാനം നൽകുന്നതിന് ഊന്നൽ നൽകിയിരിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നടത്തിപ്പ് ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| ആശയ വിനിമയത്തിനാവശ്യമായ അടിസ്ഥാന വാക്യങ്ങൾ മനസ്സിലാക്കുന്നതിനും പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും എല്ലാ കുട്ടികൾക്കും അവസരമൊരുക്കുന്നതിന് | ♦ സ്കൂൾ അസംബ്ലിയിൽ നിശ്ചിത ദിവസങ്ങളിൽ അറബ് / സംസ്കൃതം വാക്യം പരിചയപ്പെടുത്തുന്നു. മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നു. (സംസ്കൃതം 2 ദിവസം) (അറബ് 3 ദിവസം)<br>♦ പരിചയപ്പെടുത്തിയ വാക്യം ക്രിയേറ്റീവ് സെന്ററിൽ എഴുതി പ്രദർശിപ്പിക്കുന്നു. | 2025 ജൂലൈ മുതൽ 2026 മാർച്ച് വരെ | സംസ്കൃത- അറബ് അധ്യാപകർ<br>സംസ്കൃതം- അറബ് ക്ലബ്ബുകൾ | --- |
| അറബ് , സംസ്കൃതം ഭാഷകളിൽ സർഗ്ഗാത്മക രചനകൾ പ്രോത്സാഹിപ്പിക്കുന്നു. | ♦ ക്ലാസ്സ്പ്രവർത്തനങ്ങളോടനുബന്ധിച്ച് നടക്കുന്ന സർഗ്ഗാത്മക രചനകൾ അറബ്, സംസ്കൃതം സാഹിത്യ സമിതികൾ സമാഹരിക്കുന്നു.<br>♦ 2 മാസത്തിലൊരിക്കൽ ക്രിയേറ്റീവ് സെന്ററിൽ അവതരിപ്പിക്കുന്നു.<br>♦ രചനകൾ സമാഹരിച്ച് പ്രസിദ്ധീകരിക്കുന്നു. | 2025 ജൂലൈ മുതൽ 2026 മാർച്ച് വരെ | സംസ്കൃതം- അറബ് ക്ലബ്ബുകൾ | സ്റ്റാഫ് |

# കലാകായിക ആരോഗ്യ വിദ്യാഭ്യാസം

ആമുഖം : കലാകായിക അഭിരുചി വളർത്തുന്നതിനും പോഷകാഹാരം ഉറപ്പാക്കുന്നതിനും നല്ല ആരോഗ്യം വളർത്തുന്നതിനും ഉള്ള ചിട്ടയായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ളതാണ് കലാകായിക ആരോഗ്യ വിദ്യാഭ്യാസ പദ്ധതി.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നടത്തിപ്പ് ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| നിശ്ചിത പീരിയഡുകളിൽ കായിക പരിശീലനം നൽകുന്നു. | ♦ കായിക പരിശീലനത്തിന് ടൈംടേബിൾ തയ്യാറാക്കുന്നു. | | എച്ച്.എം. | --- |
| | ♦ കായിക അധ്യാപകരുടെ അഭാവത്തിലും പരിശീലന ചുമതല നിശ്ചിത അധ്യാപകർക്ക് നൽകുന്നു. | | എച്ച്.എം. | --- |
| | ♦ പരിശീലനം നൽകുന്നു. (യോഗ, സൂംബ) | ജൂൺ മുതൽ മാർച്ച് | ചുമതലപ്പെട്ട അധ്യാപകർ | ---- |
| കലാഭിരുചി വളർത്തുന്നതിന് | ♦ പാഠ്യവിഷയങ്ങളുമായി ബന്ധപ്പെട്ട് ക്രിയേറ്റീവ് സെന്ററിൽ അവതരണത്തിന് അവസരമൊരുക്കുന്നു. | ജൂലൈ മുതൽ മാർച്ച് | ആർട്സ് ക്ലബ്ബ്, എസ്.ആർ.ജി | --- |
| ആരോഗ്യ, ശുചിത്വ ബോധം വളർത്തുന്നതിന് | ♦ ബോധവൽക്കരണ പ്രവർത്തനങ്ങൾ, പാഠ്യവസ്തുതകളുമായി ബന്ധപ്പെടുത്തി ആസൂത്രണം ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് | എസ്. ആർ. ജി. അധ്യാപകർ | |
| | ♦ നിശ്ചിത സമയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് | എച്ച്.എം. എസ്.എം.സി. | ----- |